ഇപ്പോൾ പരിസ്ഥിതി പ്രവർത്തകരെ അക്രമിക്കുന്നത്. ഏലൂരിൽ പലരെയും അവർ കള്ളകേസിൽ കുടുക്കുന്നു. വ്യക്തമായ രാഷ്ട്രീയമില്ലാത്തതിന്റെ പ്രശ്നമാണിത്. മലിനീകരണം കുറയ്ക്കാനുള്ള സാധ്യതകൾ മിക്ക വ്യവസായശാലകൾക്കുമുണ്ട്. എന്നാൽ അതിന് അവരെ പ്രേരിപ്പിക്കുന്നതിന് പകരം മലിനീകരണം നടത്തുന്നതിന് കൂട്ടുനിൽക്കുകയാണ് തൊഴിലാളി യൂണിയനുകൾ ചെയ്യുന്നത്.

മാവൂരിൽ തന്നെ ആസിഡ് ഹൈഡ്രോളിസിസ് എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് പൾപ്പ് ഉണ്ടാക്കിയതുകൊണ്ടാണ് ഇത്രയും മലിനീകരണമുണ്ടായത്. പകരം എൻസൈം ഹൈഡ്രോളിസിസ് എന്ന ടെക്നോളജി ഉപയോഗിച്ചിരുന്നെങ്കിൽ മലിനീകരണം ഇല്ലാതാക്കാമായിരുന്നു. എന്നാൽ അതിന് ചിലവ് കൂടുതലാണ്. ലാഭം നോക്കുന്നതുകൊണ്ട് മാത്രമാണ് പല വ്യവസായങ്ങളും ഇപ്പോഴും മലിനീകരണം തുടരുന്നത്. അല്ലാതെ മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള സംവിധാനങ്ങൾ ഇല്ലാഞ്ഞിട്ടല്ല. തൊഴിലാളികളുടെ കൂടി സുരക്ഷ കണക്കിലെടുത്ത് ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്താൻ കമ്പനികളോട് ആവശ്യപ്പെടുകയാണ് ട്രേഡ് യൂണിയനുകൾ ചെയ്യേണ്ടത്. സി.ഐ.ടി.യു നേതാവ് കെ. ചന്ദ്രൻപിള്ളയോടെല്ലാം ഞാൻ ഇക്കാര്യം സംസാരിക്കാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷെ കേൾക്കാൻ തയ്യാറാകില്ല. കെമിസ്ട്രിയിൽ ബിരുദമുള്ളയാളാണ് അദ്ദേഹം. കെമിക്കൽ ഫാക്ടറികളിൽ നടക്കുന്ന പ്രക്രിയകൾ മലിനീകരണം ഒഴിവാക്കുന്ന തരത്തിൽ എങ്ങനെ മാറ്റാമെന്ന് ചിന്തിക്കാനുള്ള ശേഷിയുള്ളയാളാണ് ചന്ദ്രൻപിള്ള. പക്ഷെ അക്കാര്യം സംസാരിക്കാൻ തയ്യാറാകില്ല. ട്രേഡ് യൂണിയനുകൾ സംയുക്തമായി ചേർന്ന് കമ്പനികളെ ഇത്തരത്തിൽ ന്യായീകരിക്കാൻ ശ്രമിക്കുന്നത് ലോകത്തൊരിടത്തും ഞാൻ വേറെ കണ്ടിട്ടില്ല. ■

തന്റെ വിയോജിപ്പുകൾ രേഖപ്പെടുത്തുന്നു,
സമരപ്രവർത്തകരുടെ ആശ്യപ്രകാരം വിദഗ്ധ സമിതിയിൽ നിയുക്തയാക്കപ്പെട്ട

**ഡോ. എ.ലത**

# റിപ്പോർട്ട് അവ്യക്തമാണ്

**നിറ്റാ** ജലാറ്റിൻ കമ്പനിയുമായി ബന്ധപ്പെട്ട് കാതിക്കുടത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി തൃശൂർ ജില്ലാ കളക്ടർ നിയോഗിച്ച വിദഗ്ധ സമിതിയിൽ ഞാനും അംഗമായിരുന്നെങ്കിലും അന്തിമ റിപ്പോർട്ടിൽ ഞാനും തൃപ്തയല്ല. മലിനീകരണത്തിനെതിരെ സമരം ചെയ്യുന്നവരുടെ പ്രതിനിധിയായാണ് എന്നെ വിദഗ്ധ സമിതിയിൽ ഉൾപ്പെടുത്തിയത്. എന്നിട്ടും ഞാൻ പറഞ്ഞ നിർദ്ദേശങ്ങൾ പലതും ഉൾപ്പെടുത്താൻ അവർ തയ്യാറായില്ല. വിദഗ്ധ സമിതിയുടെ പ്രവർത്തനം തന്നെ തൃപ്തികരമായ രീതിയിലല്ല നടന്നത്. 2013 ജൂലായ് 16ന് ആണ് ആദ്യമായി വിദഗ്ധ സമിതി തൃശൂർ കളക്ട്രേറ്റിൽ വച്ച് യോഗം ചേരുന്നത്. അന്ന് ഉച്ചയ്ക്ക് ശേഷമാണ് സാമ്പിൾ പരിശോധനയ്ക്കായി കാതിക്കുടത്തേക്ക് പോകുന്നത്. കാലവർഷം ശക്തമായിരുന്ന ദിവസമാണത്. മഴപെയ്യുമ്പോൾ ശേഖരിച്ച സാമ്പിൾ ആയതിനാൽ തന്നെ ഈ റിപ്പോർട്ടിലെ സാമ്പിൾ പരിശോധനാ ഫലങ്ങൾ കൃത്യമല്ല. അതിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നത് അശാസ്ത്രീയമാണ്. മഴ കഴിഞ്ഞ ശേഷം വിശദമായ പരിശോധനകൾ വീണ്ടും നടത്തേണ്ടതുണ്ടെന്ന് റിപ്പോർട്ട് പറയുന്നുണ്ട്.

പുഴ മലിനീകരണമാണ് പ്രധാനമായി അവിടെ ഉന്നയിക്കപ്പെടുന്ന പ്രശ്നം. പുഴയിൽ വെള്ളം കൂടുതലായതിനാൽ അവിടെ നിന്നും സാമ്പിൾ എടുക്കാൻ കഴിഞ്ഞിട്ടില്ല. സാമ്പിൾ പരിശോധന ഫലങ്ങൾ പുറത്തുവന്ന ശേഷം ജൂലായ് 29ന് ആണ് വിദഗ്ധ സമിതി അംഗങ്ങൾ തുടർ വിലയിരുത്തലുകൾക്കായി വീണ്ടും കളക്ട്രേറ്റിൽ കൂടിയിരുന്നത്. റിപ്പോർട്ടിൽ പറയുന്ന 10 നിർദ്ദേശങ്ങൾ ആ യോഗത്തിൽ നിശ്ചയിച്ചതാണ്. ഈ പരിശോധനാഫലം മാത്രം കണക്കിലെടുത്ത് തീരുമാനമെടുക്കരുതെന്ന് ഞാൻ യോഗത്തിൽ അവശ്യപ്പെട്ടു. കമ്പനിയുടെ ട്രാക്ക് റിക്കോർഡ് അത്ര ശുദ്ധമല്ലാത്തതിനാൽ എൻ.ജി.ഐ.എൽ മലിനീകരണത്തെക്കുറിച്ച് ഇതുവരെ നടന്ന പഠനങ്ങളെല്ലാം പരിഗ



അനിശ്ചിതകാല നിരാഹാര സമരത്തിനിടെ സമരപന്തലിലെത്തിയ ജില്ലാ കളക്ടർ എം.എസ്. ജയ പരാതികൾ സ്വീകരിക്കുന്നു

കമ്പനിക്കെതിരെ സമരം നടക്കുന്ന സ്ഥലമായിരുന്നിട്ടുപോലും ജനങ്ങളെക്കൂടി ഉൾപ്പെടുത്തുന്ന നിർദ്ദേശങ്ങളൊന്നും റിപ്പോർട്ടിൽ വന്നിട്ടില്ല

ണിക്കണം. മുൻകാലങ്ങളിലെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ കമ്പനിക്ക് ആറ് മാസത്തേക്കെങ്കിലും സ്റ്റോപ്പ് മെമ്മോ കൊടുക്കണം. കാരണം മുൻകാലങ്ങളിൽ പല വിദഗ്ധ സമിതികളും കൊടുത്ത നിർദ്ദേശങ്ങൾ കമ്പനി നടപ്പിലാക്കിയതായി ജനങ്ങൾക്ക് അനുഭവപ്പെട്ടിട്ടില്ല. കമ്പനിയുടെ കാര്യത്തിലും സർക്കാർ ഏജൻസികളുടെ കാര്യത്തിലും കാതിക്കുടത്തുകാർക്ക് വിശ്വാസ നഷ്ടമുണ്ടായിട്ടുണ്ട്. അത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ ആലോചിക്കണമെന്നും പറഞ്ഞു. അതുപോലെ കമ്പനിയുടെ മാലിന്യങ്ങളുടെയും സമീപത്തുള്ള കിണറുകളുടെയും ചാലക്കുടിപ്പുഴയുടെയും സാമ്പിളുകൾ എടുത്ത് പരിശോധന നടത്തണമെന്ന് മാത്രമായിരുന്നു വിദഗ്ധ സമിതിക്ക് നൽകിയ നിർദ്ദേശം. ആ ടേംസ് ഓഫ് റഫറൻസിൽ തന്നെ ഒരു പ്രശ്നമുണ്ട്. ശരിക്കും സീറോ പൊല്യൂഷനിലേക്ക് എങ്ങനെ എൻ.ജി.ഐ.എൽ കമ്പനിയെ എത്തിക്കാം എന്ന അന്വേഷണം അടിയന്തിരമായി നടത്തേണ്ട സമയത്താണ് വീണ്ടും സാമ്പിൾ പരിശോധന എന്നതിലേക്ക് മാത്രം വിദഗ്ധ പഠനത്തെ ചുരുക്കിയത്. എന്നെ പഠനസംഘത്തിൽ ഉൾപ്പെടുത്താനുള്ള തീരുമാനം അറിയിച്ചപ്പോൾ തന്നെ ഈ ന്യൂനത ചൂണ്ടിക്കാണിച്ചിരുന്നു. പക്ഷെ അവർ പഠനത്തിന്റെ വ്യാപ്തി കൂട്ടാനുള്ള ശ്രമമൊന്നും നടത്തിയില്ല.

പുഴയിലേക്കുള്ള കമ്പനിയുടെ മലിനജല നിർഗമന കുഴലിന് താഴെയായി വർഷങ്ങളായി പുറംതള്ളിക്കൊണ്ടിരിക്കുന്ന മാലിന്യങ്ങൾ ഖരരൂപത്തിൽ അടിഞ്ഞുകൂടിയിട്ടുണ്ട്. ഇത് എടുത്തുമാറ്റി പുഴ ശുദ്ധീകരിക്കുന്ന തരത്തിലുള്ള ബാധ്യത കമ്പനിയിൽ നിക്ഷിപ്തമാക്കണമെന്നും യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. കാതിക്കുടത്ത് വിശദമായ ആരോഗ്യപഠനങ്ങൾ നടത്തി, കമ്പനിയുടെ മലിനീകരണം കാരണം ആരോഗ്യപ്രശ്നങ്ങൾ അനുഭവിക്കേണ്ടിവരുന്നവർക്ക് നഷ്ടപരിഹാരം നൽകാൻ കമ്പനിയെ ബാധ്യതപ്പെടുത്തണമെന്ന ആവശ്യവും ഉന്നയിച്ചിരുന്നു. ചർച്ചയിൽ പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തി കരട് റിപ്പോർട്ട് ജൂലായ് 31ന് കളക്ടർ വിദഗ്ധ സമിതി അംഗങ്ങൾക്കെല്ലാം അയച്ചുതന്നിരുന്നു. എന്നാൽ അതിൽ ഞാൻ പറഞ്ഞ നിർദ്ദേശങ്ങളൊന്നും ഉൾപ്പെടുത്തി കണ്ടില്ല. അക്കാര്യം ഞാൻ പരാതിപ്പെട്ടപ്പോൾ മിനുട്ട്സിൽ അതെല്ലാം രേഖപ്പെടുത്തിയിട്ടുണ്ടെന്നാണ് കളക്ടർ മറുപടി പറഞ്ഞു. പക്ഷെ അന്തിമ റിപ്പോർട്ടിൽ ആ മിനുട്ട്സ് ഉൾപ്പെടുത്തിയിട്ടില്ല.

ഇത്രനാളുകൾക്കുള്ളിൽ നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്ന് പറയാതെയാണ് 10 നിർദ്ദേശങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അത് കമ്പനിക്ക് ലാഭമാണ്. കമ്പനിക്കെതിരെ സമരം നടക്കുന്ന സ്ഥലമായിരുന്നിട്ടുപോലും ജനങ്ങളെക്കൂടി ഉൾപ്പെടുത്തുന്ന നിർദ്ദേശങ്ങളൊന്നും വന്നിട്ടില്ല. കമ്പനിയുടെ പ്രവർത്തനങ്ങൾ തുടർച്ചയായി നിരീക്ഷിക്കണമെന്ന് പറയുന്നുണ്ട്. ആ പ്രവർത്തനത്തിൽ സമരം ചെയ്യുന്ന ജനങ്ങളുടെ പക്ഷത്ത് നിന്നുള്ള ഒന്നോ രണ്ടോ പ്രതിനിധികൾ കൂടി ഉണ്ടാകണം. മാസ് ബാലൻസ് സ്റ്റഡി (കമ്പനിയുടെ പ്രവർത്തനത്തിന് ആവശ്യമായ ഊർജ്ജദ്രവ്യങ്ങളുടെ കണക്കെടുപ്പ്) നടത്തണമെന്ന് നിർദ്ദേശത്തിലുണ്ടെങ്കിലും അത് പൊതുസമൂഹത്തിന് മുന്നിൽ വയ്ക്കണമെന്നുകൂടി ആവശ്യപ്പെടണമായിരുന്നു. മൂന്നാമത്തെ നിർദ്ദേശത്തിൽ കമ്പനി പുഴയിൽ നിന്നെടുക്കുന്ന വെള്ളത്തിന്റെ അളവ് കണക്കാക്കുന്നതുപോലെ പുറംതള്ളുന്ന വെള്ളത്തിന്റെ അളവുകൂടി കണക്കാക്കണമെന്ന് പറയുന്നുണ്ട്. എന്നാൽ കമ്പനി പു

➪ കമ്പനി കുറ്റക്കാരാണെന്ന് കണ്ടെത്തിയാൽ നഷ്ടപരിഹാരം ഈടാക്കണമെന്നത് ഒഴിവാക്കി ➪

ഴയിൽ നിന്നെടുക്കുന്ന വെള്ളത്തിന്റെ അളവ് കണക്കാക്കുന്നതിൽ ഒരുപാട് അവ്യക്തതകൾ നിലനിൽക്കുന്നുണ്ട്. അവർക്ക് നൽകിയിട്ടുള്ള അനുമതിയുടെ പരിധി ലംഘിച്ച്, രണ്ട് കോടി ലിറ്റർ വെള്ളമെങ്കിലും കമ്പനി എടുക്കുന്നതായാണ് സമരപ്രവർത്തകർ പരാതിപ്പെടുന്നത്. ഇതിൽ വ്യക്തത വരുത്തേണ്ടതുണ്ട്. പുഴയിൽ വെള്ളം ഓരോ വർഷവും കുറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അതിന് വലിയ പ്രാധാന്യമുണ്ട്. എടുക്കുന്ന വെള്ളം പുനരുപയോഗിക്കുന്ന തരത്തിലേക്ക് കമ്പനി എത്തണം.

അഞ്ചാമത്തെ നിർദ്ദേശത്തിൽ സീറോ ഡിസ്ച്ചാർജ്ജിലേക്ക് (ഒന്നും പുറംതള്ളാതിരിക്കുക) കമ്പനി എത്തണം എന്ന് പറയുന്നുണ്ട്. അതിനൊപ്പം, പുഴയുടെ ആരോഗ്യം കണക്കിലെടുത്ത് എടുക്കുന്ന വെള്ളത്തിന്റെ അളവ് കുറയ്ക്കുന്ന തരത്തിലുള്ള സാങ്കേതികവിദ്യകൾ പരീക്ഷിക്കണമെന്നതും എഴുതിച്ചേർക്കേണ്ടതുണ്ട്. ഏഴാമത്തെ നിർദ്ദേശത്തിൽ ആരോഗ്യ സർവ്വെ നടത്തണമെന്ന് പറയുന്നുണ്ട്. എന്നാൽ കമ്പനി കുറ്റക്കാരാണെന്ന് കണ്ടെത്തിയാൽ നഷ്ടപരിഹാരം ഈടാക്കണമെന്നത് ഒഴിവാക്കി.

സമരസമിതി ഈ റിപ്പോർട്ട് സ്വീകരിക്കരുതെന്നാണ് എന്റെ അഭിപ്രായം. അപൂർണ്ണമായ റിപ്പോർട്ടാണിത്. എന്തുകൊണ്ട് ഇത്തരത്തിൽ ഒരു വിദഗ്ധ സമിതി രൂപീകരിക്കപ്പെട്ടു എന്ന സാഹചര്യം റിപ്പോർട്ടിൽ എവിടെയും പറയുന്നില്ല. കമ്പനിക്കാണ് അതുകൊണ്ട് ഗുണമുണ്ടാകുന്നത്.

35 വർഷമായി ദുരിതമനുഭവിക്കുന്നവർ കമ്പനി അടച്ചുപൂട്ടണമെന്ന് പറയുന്നതിൽ തെറ്റില്ല. ഇത്രകാലമായിട്ടും നാട്ടുകാരുടെ വിശ്വാസമാർജ്ജിക്കാൻ കമ്പനിക്ക് കഴിഞ്ഞിട്ടില്ല. അതിനാൽതന്നെ തൊഴിലാളി യൂണിയനുകളുടെ വാദങ്ങളെല്ലാം അവിടെ അപ്രസക്തമാണ്. വ്യവസായങ്ങൾ മാത്രമാണ് മലിനീകരണമുണ്ടാക്കുന്നത് എന്ന അഭിപ്രായം എനിക്കില്ല. കൃഷി അതിലേറെ രാസമാലിന്യങ്ങൾ ഇവിടെ സൃഷ്ടിക്കുന്നുണ്ട്. മനുഷ്യന്റെ മിക്ക പ്രവർത്തികളും മലിനീകരണത്തിന് കരണമാകുന്നുണ്ട്. എന്നാൽ മലിനീകരണം കാരണം ജനങ്ങൾക്ക് ദുരിതമനുഭവിക്കേണ്ടിവരുകയും അവർക്ക് സമരം ചെയ്യുന്ന സാഹചര്യമുണ്ടാവുകയും ചെയ്താൽ അത് പരിഹരിക്കാൻ മലിനീകരണത്തിന് കാരണക്കാരായവർക്ക് ബാധ്യതയുണ്ട്. പാരിസ്ഥിതിക-സാമൂഹിക സാഹചര്യങ്ങൾ കണക്കിലെടുക്കാതെ പ്രവർത്തിക്കാൻ വ്യവസായങ്ങൾക്കും അർഹതയില്ല. ഏത് ഡാമും പ്രശ്നമുണ്ടാക്കുന്നതാണ്. എന്നാൽ അതിരപ്പിള്ളി ഡാം വേണ്ട എന്ന് ഞങ്ങൾ ഉറപ്പിച്ചു പറയുന്നത് പ്രത്യേക പാരിസ്ഥിതിക സാഹചര്യത്തെയും പാരിസ്ഥിതിക-സാമൂഹിക നഷ്ടങ്ങളെയും കണക്കിലെടുത്താണ്. എൻ.ജി.ഐ.എല്ലിന്റെ കാര്യത്തിലും ഇത് പരിശോധിക്കപ്പെടേണ്ടതുണ്ട്. അതുകൊണ്ടാണ് കമ്പനിയുടെ പ്രവർത്തനത്തിന് ആവശ്യമായ ഊർജ്ജദ്രവ്യങ്ങളുടെ കണക്കെടുപ്പ് നടത്തണമെന്ന് പറയുന്നത്. ആ കണക്കുകൾ പ്രകാരം കമ്പനി പ്രവർത്തിക്കാൻ അർഹരല്ലെങ്കിൽ പൂട്ടുകതന്നെ വേണം. ലാഭം മാത്രം ലക്ഷ്യമാക്കുന്നതുകൊണ്ടാണ് അവർ അതിന് തയ്യാറാകാത്തത്.

എൻ.ജി.ഐ.എൽ മാത്രമല്ല, എല്ലാ വ്യവസായങ്ങളും കൂടുതൽ ഉത്തരവാദിത്തം കാണിക്കേണ്ട കാലമാണിത്. കാരണം എല്ലാ പ്രവർത്തനങ്ങൾക്കും അടിസ്ഥാനമായ വിഭവങ്ങൾ ഭൂമിയിൽ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അത് പരിഗണിക്കാതെ മുന്നോട്ട് പോകാൻ കഴിയില്ല. ഏതുനാടിനും എല്ലാ വ്യവസായങ്ങളും അനുയോജ്യമാണെന്ന ചിന്തയും ശരിയല്ല. ഭൂമിയുടെ ലഭ്യത കുറഞ്ഞ കേരളം എൻ.ജി.ഐ.എൽ പോലെയുള്ള വ്യവസായ സംരംഭങ്ങൾക്ക് യോജിച്ച സ്ഥലമല്ല. സാമ്പത്തിക വളർച്ചയല്ല, സാമൂഹികാവശ്യങ്ങളാണ് പരിഗണിക്കപ്പെടേണ്ടത്. അങ്ങനെ നോക്കുമ്പോൾ ഒരുപാട് വെള്ളം ഉപയോഗിക്കുന്ന വ്യവസായങ്ങൾക്ക് കേരളത്തിൽ സ്ഥാനമില്ല. അത്രയ്ക്ക് രൂക്ഷമായ ജലക്ഷാമത്തിലേക്ക് കേരളം പോകുന്നത്. ഇത്തവണത്തെ മൺസൂൺ 22 വർഷത്തിനിടയിൽ കിട്ടിയ മികച്ച മൺസൂണാണ്. പക്ഷെ അതൊരു താത്കാലിക പ്രതിഭാസം മാത്രമാണ്. അടുത്ത വേനലിലും കുടിവെള്ളം മുട്ടുമെന്ന് ഉറപ്പാണ്. ഉപയോഗിക്കുന്ന വെള്ളം പുനരുപയോഗിക്കാൻ കഴിയാത്ത ഫാക്ടറികൾക്ക് കേരളത്തിൽ സാധ്യതയില്ല. അതുപോലെ ഉയർന്ന തോതിൽ വൈദ്യുതി ഉപയോഗിക്കുന്ന വ്യവസായങ്ങളും നിയന്ത്രിക്കപ്പെടണം. സാമൂഹിക ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട്, കൂടുതൽ പേർക്ക് തൊഴിൽ കൊടുക്കാൻ കഴിയുന്ന തരിത്തിലുള്ള എത്രയോ ചെറുകിട സംരംഭങ്ങൾക്കാണ് കേരളത്തിൽ സാധ്യതയുള്ളത്. അതിലേക്കൊന്നും ശ്രദ്ധ തിരിക്കാത്തത് അവ അമിത ലാഭം കൊണ്ടുവരില്ല എന്നതുകൊണ്ടാണ്. പരിസ്ഥിതി മലിനീകരിക്കാൻ ആർക്കും അവകാശമില്ല. മനുഷ്യർക്ക് മാത്രമല്ല, ഒരുപാട് ജീവജാലങ്ങൾക്ക് കൂടി അവകാശപ്പെട്ടതാണ് ഈ ഭൂമി. ■

## സ്വീകാര്യമെന്ന് കമ്പനി

നിറ്റാ ജലാറ്റിൻ കമ്പനി രാസവിഷ മാലിന്യം പുറന്തള്ളുന്നില്ലെന്ന് കലക്ടർ നിയമിച്ച സമിതി കണ്ടെത്തിയതായി കമ്പനി വാർത്താക്കുറിപ്പിൽ അറിയിച്ചു. കമ്പനി ഫാക്ടറിയിൽ നിന്നും പരിസരങ്ങളിൽ നിന്നും ശേഖരിച്ച സാമ്പിളുകൾ പരിശോധിച്ചശേഷമാണ് സമിതി റിപ്പോർട്ട് സമർപ്പിച്ചത്. പ്രവർത്തനം മെച്ചപ്പെടുത്താൻ വിദഗ്ധ സമിതി മുന്നോട്ടുവെച്ച 10 നിർദേശങ്ങൾ നടപ്പാക്കുമെന്നും കമ്പനി അറിയിച്ചു.